(ബി) ബ്യൂറോ ഓഫ് എക്ണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് 2003-04 വർഷം 2.9 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശ്ശിടുന്നതും മറ്റ് വിളകൾക്കായി മാറ്റുന്നതും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നെല്ല് സംഭരണ സഹകരണ സംഘങ്ങൾ

87 [1164] ശ്രീ ഡി. സുഗതൻ:

,, ടി. എൻ. പ്രതാപൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. എ. ചന്ദ്രൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ തൃശൂർ, പാലക്കാട് ജില്ലകളിൽ നെല്ല് സംഭരിക്കുവാനുള്ള ചുമതല ഏതെല്ലാം സഹകരണസംഘങ്ങളെയാണ് ഏൽപ്പിച്ചിരുന്നത്;

(ബി) പ്രസ്തുത സംഘങ്ങൾ നെല്ല് സംഭരണത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം പ്രതിഫലമാണ് നൽകുന്നത്;

(ഡി) തൃശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണസംഘം, തൃശൂർ ജില്ലാ നെൽസംഭരണ സംസ്കരണ സഹകരണ സംഘം എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നെല്ല് സംഭരണം നടത്തിയ വകയിൽ എന്ത് തുക കുടിശ്ശിക കൊടുക്കാനുണ്ട്;

(ഇ) ഈ സംഘങ്ങൾ നെല്ല് സംഭരണത്തിൽ നിന്ന് പിൻമാറിയതിനെ തുടർന്ന് നെല്ല് സംഭരണകാര്യത്തിൽ ഗവൺമെന്റ് എന്തെല്ലാം ആൾട്ടർനേറ്റ് നടപടികളെടുത്തു;

(എഫ്) നെല്ലുകുത്ത് മില്ലുകൾ എന്ത് വിലയ്ക്കാണ് കർഷകരിൽനിന്നും നെല്ല് വാങ്ങുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) പ്രസ്തുത സംഘങ്ങൾ ഒന്നുംതന്നെ നെല്ല് സംഭരണത്തിൽ നിന്ന് ഒഴിഞ്ഞ് നിന്നിട്ടില്ല.

(സി) സംഭരിക്കുന്നതിന് നെല്ലിന് കിന്റലിന് 85 രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നു. കർഷകർ നെല്ല് നേരിട്ട് സംഭരണ ഏജൻസികൾക്ക് എത്തിച്ചാൽ 85 രൂപയിൽ 50 രൂപ കർഷകനും ബാക്കി 35 രൂപ സംഭരണ ഏജൻസിക്കും നൽകുന്നു. കൂടാതെ കിന്റലിന് 10 രൂപ നിരക്കിൽ ഗോഡൗൺ ചാർജും നൽകുന്നു.

(ഡി) തൃശൂർ ജില്ലാ നെൽസംഭരണ സംസ്ക്കരണ സംഘത്തിന് നെല്ല് സംഭരണം നടത്തിയതിനുള്ള കൂടിശ്ശിക 20,97,152 രൂപയും സബ്സിഡി ഇനത്തിൽ 65,51,941 രൂപയും നൽകാനുണ്ട്. അടാട്ട് ബാങ്കിന് 181,32,088 രൂപയും നൽകാനുണ്ട്.

(ഇ) ഈ രണ്ട് സംഘങ്ങളും സംഭരണ പ്രക്രിയയിൽ നിന്നും പിൻമാറിയതായി രേഖാമൂലം അറിയിച്ചിട്ടില്ല.

(എഫ്) തൃശൂർ, പാലക്കാട് ജില്ലകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയേക്കാളും കുറഞ്ഞനിരക്കിലാണ് മില്ലുകൾ കർഷകരിൽ നിന്നും നെല്ല് വാങ്ങുന്നത് എന്നാണ് അറിയുന്നത്.

നെല്ല് സംഭരണം

88 [1165] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരെ സഹായിക്കാൻ സംസ്ഥാനത്ത് നെല്ല് സംഭരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(ബി) പാലക്കാട് ജില്ലയിൽ നെൽകൃഷി സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) പാലക്കാട് ജില്ലയിലെ വിളവെടുപ്പ് സമയത്ത് നെല്ല് സംഭരിക്കുവാനും താങ്ങുവില വർദ്ധിപ്പിക്കാനും സർക്കാർ എന്ത് നടപടി സ്വീകരിച്ചു ; ഇതിനായി പാലക്കാട് ജില്ലയ്ക്ക് എന്ത് തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നെൽകൃഷിക്കാരെ സഹായിക്കാനായി പാലക്കാട് ജില്ലയിൽ നെല്ല് സംഭരിക്കുന്ന 'പാഡികോ' എന്ന സ്ഥാപനത്തിന് അഡ്വാൻസ് ഇൻസെന്റീവായി എത്ര രൂപ ധനസഹായം അനുവദിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly